**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല – അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് - 2010-2011, 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-17 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ 1,48,150/-(ഒരു ലക്ഷത്തി നാല്പത്തിയെട്ടായിരത്തി നൂറ്റി അമ്പത് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം.3130/2016/തസ്വഭവ            തിരുവനന്തപുരം, തീയതി:18/11/2016

---

പരാമർശം:-
1) പഞ്ചായത്ത് ഡയറക്ടറുടെ 25/07/2015-ലെ എം3-22171/15 -ാം നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 22/01/2016-ലെ കെ.എസ്.12766/പിറ്റി1/2015-ാം നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-17 പ്രകാരം സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി "മത്സ്യ വിപണനം- സൈക്കിളും ബോക്സും നൽകൽ" എന്ന പദ്ധതിയ്ക്കായി ചെലവഴിച്ച 1,48,150/- രൂപ (ഒരു ലക്ഷത്തി നാല്പത്തിയെട്ടായിരത്തി നൂറ്റി അമ്പത് രൂപ മാത്രം) ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 12/12/2014-ലെ VI(30)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ എന്നിവ സഹിതം പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ നൽകിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരുന്ന തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് പദ്ധതി നടപ്പിലാക്കിയതെങ്കിലും , ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. തീരദേശ ഗ്രാമമായ

അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും മത്സ്യ ബന്ധനത്തിലും അനുബന്ധ മേഖലകളിലും തൊഴിലെടുക്കുന്നവരാണെന്നതും പ്രസ്തുത പദ്ധതി മത്സ്യത്തൊഴിലാളികളുടെ ദാരിദ്ര്യ ലഘൂകരണത്തിന് സഹായകരമായി എന്നതും പരിഗണിച്ച് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് റിപ്പോർട്ടിലെ ഖണ്ഡിക 3.17 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ 1,48,150/- (ഒരു ലക്ഷത്തി നാല്പത്തിയെട്ടായിരത്തി നൂറ്റി അമ്പത് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷിബു.എ.ടി,
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് ആലപ്പുഴ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ